# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4002 25.06.2018-ൽ മറുപടിക്ക്

## അട്ടപ്പാടിയിൽ അന്നപ്രദായിനി കമ്മ്യൂണിറ്റി കിച്ചൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തെ തുടർന്ന് ആദിവാസി ഊരുകളിലെ പട്ടിണി മാറ്റുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികവർഗ്ഗ ഊരുകളിൽ പോഷകാഹാരകുറവ്, ശിശുമരണം, പട്ടിണി എന്നിവ പരിഹരിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി ചുവടെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>• കമ്മ്യൂണിറ്റി കിച്ചൻ : അട്ടപ്പാടിയിലെ പുതൂർ, അഗളി, ഷോളയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 192 ഊരുകളിലും വയനാട് ജില്ലയിൽ കണിയാംപറ്റ, നൂൽപ്പുഴ, തിരുനെല്ലി എന്നീ ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br>• അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ കാർഡ് ലഭിച്ചിട്ടുള്ളതിനാൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും പട്ടിണി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.<br>• മൺസൂൺ കാലത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സഹായ പദ്ധതിയിലൂടെ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.<br>• ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളടങ്ങിയ ഓണകിറ്റ് വിതരണം ചെയ്യുന്നു.<br>**മില്ലറ്റ് വില്ലേജ്**<br>അട്ടപ്പാടിയിൽ പട്ടികവർഗ്ഗ മേഖലയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്ന തിനായി 2017-18 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. |
| ബി) | അട്ടപ്പാടി മേഖലയിൽ അന്നപ്രദായിനി കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കമ്മ്യൂണിറ്റി കിച്ചനുകളിൽ ആദിവാസി ഭക്ഷണരീതിയാണോ നടപ്പിലാക്കുന്നത്; | ബി) | അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് അനുയോജ്യമായ ഭക്ഷണരീതിയിലുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>**<u>പ്രഭാത ഭക്ഷണത്തിനായി</u>** ഇഡ്ഡലി, പുട്ട്, ഉപ്പുമാവ്, അവൽ, കഞ്ഞി ഇടങ്ങിയവും<br>**<u>ഉച്ചയ്ക്ക്</u>** ചോറ്, അട്ടപ്പാടിയിൽ ലഭ്യമാകുന്ന ഇലക്കറികൾ, പച്ചക്കറികൾ, തനതു പയർവർഗ്ഗങ്ങൾ ഉൾപ്പെട്ട കറികളും<br>**<u>വൈകന്നേരം</u>** ചോറ്, ചെറുധാന്യങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ, തനതു ധാന്യങ്ങൾ ഉൾപ്പെട്ട കറികൾ, തനതു ഭക്ഷണങ്ങൾ (റാഗി, ചാമ, തിന, ചോളം, ഇവര ഉൾപ്പെടെയുള്ളവ) നൽകുന്നു. |
| സി) | ഈ പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ 12.71 കോടി രൂപയും വയനാട് ജില്ലയിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 5.67 കോടി രൂപയും ഉൾപ്പെടെ ആകെ 18.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | ആദിവാസി ഊരുകളിൽ മുമ്പ് നടപ്പിലാക്കിയ പദ്ധതികൾ പരാജയപ്പെട്ടവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിലുണ്ടായ പാകപ്പിഴകൾ പരിഹരിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഡി) | കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ വനിതകൾ തന്നെയാണ്. വിറകും പച്ചക്കറികളും അട്ടപ്പാടിയിൽ നിന്നു ലഭ്യമാക്കുന്നതിനാൽ ഈ വിഭാഗത്തിലുള്ളവർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കാൻ കഴിയുന്നു.<br><br>കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി സുഗമമായും കാര്യക്ഷമമായും പട്ടികവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനും പട്ടിണിയില്ലാതാക്കുന്നതിനും സ്ത്രീശാക്തീകരണത്തിനും ആരോഗ്യ ബോധവത്ക്കരണത്തിനും എത്തിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പച്ചക്കറികളും ധാന്യങ്ങളും കമ്മ്യൂണിറ്റി കിച്ചനുകളിലേയ്ക്ക് ലഭ്യമാക്കുന്നതിനായി കൃഷിയുടെ പ്രോത്സാഹനവും ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**